| 09–08–2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

# മധുരമായ കുട്ടികളേ – ബ്രഹ്മാവ് സദ്ഗുരുവിന്റെ ദർബാറാണ്, ഈ ഭൃകുടിയിൽ സദ്ഗുരു വിരാജിതനാണ്, സദ്ഗുരു തന്നെയാണ് നിങ്ങളുടെ സദ്ഗതി ചെയ്യുന്നത്

**ചോദ്യം:–** ബാബ വന്നിരിക്കുന്നത് തന്റെ കുട്ടികളെ ഏതൊരു അടിമത്വത്തിൽ നിന്നും രക്ഷിക്കാനാണ്?
**ഉത്തരം:–** ഈ സമയത്ത് മുഴുവൻ കുട്ടികളും പ്രകൃതിയുടെയും മായയുടെയും അടിമകളായിരിക്കുന്നു. ബാബ ഇപ്പോൾ ഈ അടിമത്വത്തിൽ നിന്നും രക്ഷിക്കുകയാണ്. ഇപ്പോൾ മായയും, പ്രകൃതിയും രണ്ടും തന്നെ ഉപദ്രവിക്കുന്നുണ്ട്. ചിലപ്പോൾ കൊടുങ്കാറ്റാണെങ്കിൽ ചിലപ്പോൾ ഭൂകമ്പമായിരിക്കും. പിന്നീട് നിങ്ങൾ ഇങ്ങനെയുള്ള അധികാരികളായി മാറും അവിടെ മുഴുവൻ പ്രകൃതിയും നിങ്ങളുടെ ദാസിയായിരിക്കും. മായയുടെ യുദ്ധവും ഉണ്ടായിരിക്കില്ല.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് പരമപിതാവും പരമശിക്ഷകനും കൂടെയുണ്ട്. ബാബ വിശ്വത്തിന്റെ ആദി മദ്ധ്യ അന്ത്യ രഹസ്യം മനസ്സിലാക്കിത്തരികയാണ് മാത്രമല്ല ബാബ സുപ്രീം ഗുരു കൂടിയാണ്. അതിനാൽ ഇത് സദ്ഗുരുവിന്റെ സഭയാണ്. സഭകൾ ഉണ്ടാകാറുണ്ടല്ലോ. ഗുരുവിന്റെ സഭ. അത് കേവലം ഗുരുവിന്റേതാണ്, സദ്ഗുരുവിന്റേതല്ല. ശ്രീ ശ്രീ 108 എന്ന് പറയാറുണ്ട് പക്ഷേ അതിൽ സദ്ഗുരു എന്ന് എഴുതിയിട്ടുണ്ടാകില്ല. അവർ കേവലം ഗുരു എന്നു പറയുന്നു. എന്നാൽ ഇത് സദ്ഗുരുവാണ്. ആദ്യം അച്ഛൻ പിന്നെ ടീച്ചർ പിന്നീട് സദ്ഗുരു. സദ്ഗുരുവാണ് സദ്ഗതി നൽകുന്നത്. സത്യ ത്രേതായുഗങ്ങളിൽ ഗുരു ഉണ്ടായിരിക്കില്ല എന്തെന്നാൽ എല്ലാവരും സദ്ഗതിയിലാണ്. ഒരേയൊരു സദ്ഗുരുവിനെ ലഭിച്ചു കഴിഞ്ഞാൽ പിന്നെ ബാക്കിയുള്ള എല്ലാ ഗുരുക്കന്മാരുടേയും പേര് അവസാനിക്കും. സുപ്രീം ഗുരു മുഴുവൻ ഗുരുക്കന്മാരുടേയും ഗുരുവാണ്. പതിമാരുടേയും പതി എന്ന് പറയാറില്ലേ അതുപോലെ. സർവ്വശ്രേഷ്ഠനായതിനാലാണ് ഇങ്ങനെ പറയുന്നത്. നിങ്ങൾ പരമപിതാവിന്റെ അടുക്കൽ ഇരിക്കുകയാണ്– എന്തിനുവേണ്ടി? പരിധിയില്ലാത്ത സമ്പത്ത് നേടുന്നതിന്. ഇത് പരിധിയില്ലാത്ത സമ്പത്താണ്. അച്ഛനുമുണ്ട് ടീച്ചറുമുണ്ട്. മാത്രമല്ല ഈ സമ്പത്ത് പുതിയ ലോകമായ അമരലോകത്തിലേയ്ക്കുള്ളതാണ്, നിർവ്വികാരി ലോകത്തിനായുള്ളത്. നിർവ്വികാരി ലോകം എന്ന് പുതിയ ലോകത്തേയും, വികാരീ ലോകം എന്ന് പഴയ ലോകത്തേയുമാണ് പറയുന്നത്. സത്യയുഗത്തെ ശിവാലയം എന്ന് പറയാറുണ്ട് എന്തെന്നാൽ ശിവബാബയാൽ സ്ഥാപിതമായതാണ്. വികാരീ ലോകം രാവണൻ സ്ഥാപിച്ചതാണ്. ഇപ്പോൾ നിങ്ങൾ ഇരിക്കുന്നത് സദ്ഗുരുവിന്റെ സഭയിലാണ്. ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. ബാബ തന്നെയാണ് ശാന്തിയുടെ സാഗരം. ബാബ എപ്പോൾ വരുന്നുവോ അപ്പോഴേ ശാന്തിയുടെ സമ്പത്ത് ലഭിക്കൂ, വഴി പറഞ്ഞുതരൂ. അല്ലാതെ കാട്ടിൽ ശാന്തി എവിടെ നിന്നും ലഭിക്കാനാണ് അതിനാലാണ് മാലയുടെ കഥ പറയുന്നത്. ശാന്തി ആത്മാവിന്റെ കഴുത്തിലെ മാലയാണ്. പിന്നീട് എപ്പോഴാണോ രാവണ രാജ്യം ഉണ്ടാകുന്നത് അപ്പോഴാണ് അശാന്തിയുണ്ടാകുന്നത്. അതിനെ സുഖധാമം– ശാന്തിധാമം എന്നാണ് പറയുന്നത്. അവിടെ ദുഃഖത്തിന്റെ ഒരു കാര്യവുമില്ല. മഹിമ പാടുന്നതും സദാ സദ്ഗുരുവിനാണ്. ഗുരുവിന്റെ മഹിമ ഒരിയ്ക്കലും കേട്ടിട്ടുണ്ടാകില്ല. ജ്ഞാനത്തിന്റെ സാഗരൻ, അത് ഒരേയൊരു ബാബയാണ്. ഇങ്ങനെയുള്ള മഹിമ എപ്പോഴെങ്കിലും ഗുരുവിന് നൽകിയതായി കേട്ടിട്ടുണ്ടോ? ഇല്ല. ആ ഗുരു വിശ്വത്തിന്റെ പതിതപാവനനാവുക സാദ്ധ്യമല്ല. ഒരേയൊരു നിരാകാരനായ പരിധിയില്ലാത്ത വലിയ അച്ഛനെയാണ് ഇങ്ങനെ വിളിക്കുന്നത്.

നിങ്ങൾ ഇപ്പോൾ സംഗമയുഗത്തിൽ നിൽക്കുകയാണ്. ഒരു ഭാഗത്ത് പതിതമായ പഴയ ലോകമാണ്, മറു ഭാഗത്ത് പുതിയ പാവന ലോകമാണ്. പതിതലോകത്തിൽ അനേകം ഗുരുക്കന്മാരുണ്ട്. മുമ്പ് നിങ്ങൾക്ക് ഈ സംഗമയുഗത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നു– ഇതാണ് പുരുഷോത്തമ സംഗമയുഗം. ഇതിനുശേഷം സത്യയുഗം വരണം, ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടാകണം. നമ്മൾ എല്ലാവരും സഹോദരങ്ങളാണ്, എങ്കിൽ പരിധിയില്ലാത്ത അച്ഛനിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കും. ഇത് ആർക്കും അറിയില്ല. എത്ര വലിയ വലിയ സ്ഥാനങ്ങളിൽ ഇരിക്കുന്ന മനുഷ്യരുണ്ട് പക്ഷേ അവർക്കും ഒന്നും അറിയില്ല. ബാബ പറയുന്നു ഞാൻ നിങ്ങൾ എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ വിവേകശാലികളായി തീർന്നിരിക്കുന്നു. മുമ്പ് ഒന്നും അറിയില്ലായിരുന്നു. ഈ ദേവതകൾക്കു മുന്നിൽ ചെന്ന് നിങ്ങൾ പറയുമായിരുന്നു– ഞങ്ങൾ വിവേകമില്ലാത്തവരാണ്. ഞങ്ങളിൽ ഒരു ഗുണവുമില്ല, അങ്ങ് ദയ കാണിക്കൂ. എന്താ ഇപ്പോൾ ഈ ദേവതകളുടെ ചിത്രം നിങ്ങളോട് ദയ കാണിക്കുമോ? ദയാഹൃദയൻ ആരാണ് എന്നത് അറിയുന്നില്ല. അല്ലയോ ഗോഡ് ഫാദർ ദയ കാണിക്കൂ എന്ന് പറയാറുണ്ട്. ദുഃഖത്തിന്റെ എന്തെങ്കിലും കാര്യം വന്നാൽ മതി തീർച്ചയായും

ബാബയെ ഓർമ്മിക്കും. ഇപ്പോൾ നിങ്ങൾ ഇങ്ങനെ പറയില്ല. ബാബ വിചിത്രനാണ്. ബാബ മുന്നിൽ ഇരിക്കുന്നുണ്ട് അതിനാലാണ് നമസ്ക്കരിക്കുന്നത്. നിങ്ങൾ എല്ലാവരും ചിത്രമുള്ളവരാണ്. ഞാൻ വിചിത്രനാണ്. ഞാൻ ഒരിയ്ക്കലും ചിത്രം ധാരണ ചെയ്യുന്നില്ല. എന്റെ ചിത്രത്തിന്റെ ഏതെങ്കിലും പേര് പറയൂ? ശിവ ബാബ എന്നേ പറയൂ. ഞാൻ ഇത് ലോൺ എടുത്തിരിക്കുകയാണ്. അതും പഴയതിലും പഴയ ചെരുപ്പാണ്. ഇവരിലാണ് ഞാൻ വന്ന് പ്രവേശിക്കുന്നത്. എവിടെയാണ് ഈ ശരീരത്തിന്റെ മഹിമ ചെയ്യുന്നത്. ഇത് പഴയ ശരീരമാണ്. ദത്തെടുത്തിരിക്കുകയാണ്, എന്താ അതിന് മഹിമ പാടുമോ? ഇല്ല. ഇതു മനസ്സിലാക്കിത്തരികയാണ്– ഇങ്ങനെയായിരുന്നു, ഇപ്പോൾ വീണ്ടും എന്നിലൂടെ വെളുത്തതായി മാറും. ഇപ്പോൾ ബാബ പറയുന്നു ഞാൻ എന്താണോ കേൾപ്പിക്കുന്നത്, അതിനെ വിലയിരുത്തൂ, അഥവാ ഞാൻ പറയുന്നത് ശരിയാണെങ്കിൽ ആ ശരിയെ ഓർമ്മിക്കൂ. എന്നിൽ നിന്നുതന്നെ കേൾക്കൂ, ശരിയല്ലാത്തത് കേൾക്കുകയുമരുത്. അതിനെ ആസുരീയം എന്നാണ് പറയുന്നത്. മോശമായത് പറയരുത്, കാണരുത്.... ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതിനെയെല്ലാം മറക്കൂ. ഇപ്പോൾ വീട്ടിലേയ്ക്ക് തിരിച്ച് പോകണം, പിന്നീട് തന്റെ സുഖധാമത്തിലേയ്ക്ക് തിരിച്ചുവരും. ബാക്കിയുള്ളതെല്ലാം ഇപ്പോൾത്തന്നെ മരിച്ചിരിക്കുന്നു, താല്ക്കാലികമാണ്. പഴയ ഈ ശരീരവും ഉണ്ടാകില്ല, ഈ പഴയ ലോകവും ഉണ്ടാകില്ല. നമ്മൾ പുരുഷാർത്ഥം ചെയ്യുകയാണ് പുതിയലോകത്തിനുവേണ്ടി. പിന്നീട് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. നിങ്ങൾ നിങ്ങളുടെ രാജ്യഭാഗ്യം നേടുകയാണ്. അറിയാം കല്പ കല്പം ബാബ വരുന്നുണ്ട് രാജ്യഭാഗ്യം നൽകുന്നതിനായി. നിങ്ങളും പറയുന്നു ബാബയെ കല്പം മുമ്പും കണ്ടുമുട്ടിയിരുന്നു, സമ്പത്ത് എടുത്തിരുന്നു, നരനിൽ നിന്നും നാരായണനായി മാറിയിരുന്നു. എല്ലാവർക്കും ഒരു പോലെ ലക്ഷ്യത്തിലെത്താൻ സാധിക്കില്ല. നമ്പർവൈസായിരിക്കും. ഇത് ആത്മീയ യൂണിവേഴ്സിറ്റിയാണ്. ആത്മീയ പിതാവാണ് പഠിപ്പിക്കുന്നത്, കുട്ടികളും പഠിപ്പിക്കുന്നുണ്ട്. ഏതെങ്കിലും പ്രിൻസിപ്പലിന്റെ കുട്ടിയാണെങ്കിൽ അവരും അതേ സേവനത്തിലേക്ക് വരാറുണ്ട്. ഭാര്യയും പഠിപ്പിക്കാൻ തുടങ്ങും. പെൺമകളും നല്ലരീതിയിൽ പഠിച്ചിട്ടുണ്ടെങ്കിൽ പഠിപ്പിക്കാൻ സാധിക്കും. എന്നാൽ അവർ അന്യ വീട്ടിലേയ്ക്ക് പോകും. ഇവിടെ പെൺകുട്ടികൾക്ക് ജോലിചെയ്യാൻ നിയമമില്ല. പുതിയ ലോകത്തിൽ പദവി നേടുന്നതിന്റെ മുഴുവൻ ആധാരവും ഇപ്പോഴുള്ള പഠിപ്പാണ്. ഈ കാര്യങ്ങളൊന്നും ലോകത്തിന് അറിയില്ല. എഴുതിയിട്ടുണ്ട്– ഭഗവാനുവാചാ– അല്ലയോ മക്കളേ, ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റും. എങ്ങനെയാണോ ദേവീ ദേവതകളുടെ ചിത്രം ഉണ്ടാക്കുന്നത് അതുപോലെ എന്തെങ്കിലും മോഡൽ ഉണ്ടാക്കുകയല്ലല്ലോ. നിങ്ങൾ പഠിച്ച് ആ പദവി നേടുകയാണ്. അവർ മണ്ണുകൊണ്ട് ചിത്രങ്ങളുണ്ടാക്കുന്നു പൂജിക്കാനായി. ഇവിടെ ആത്മാവാണ് പഠിക്കുന്നത്. പിന്നീട് നിങ്ങൾ സംസ്ക്കാരവും കൊണ്ടുപോകും, പോയി പുതിയ ലോകത്തിൽ ശരീരമെടുക്കും. ലോകം അവസാനിക്കില്ല. കേവലം കാലമാണ് മാറുന്നത്– ഗോൾഡൻ ഏജ്, സിൽവർ ഏജ്, കോപ്പർ ഏജ് പിന്നീട് അയൺ ഏജ്. 16 കലയിൽ നിന്നും 14 കലയാകുന്നു. ലോകം അതുതന്നെയാണ് നടക്കുന്നത്, പുതിയതിൽ നിന്നും പഴയതാകുന്നു എന്നു മാത്രം. ബാബ ഈ പഠിപ്പിലൂടെ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുകയാണ്. ഇങ്ങനെ പഠിപ്പിക്കാൻ മറ്റാരിലും ശക്തിയില്ല. എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. പഠിച്ചുകൊണ്ടിരിക്കെ മായ തന്റേതാക്കിയും മാറ്റുന്നു. ആര് എത്രത്തോളം പഠിച്ചോ അതിനനുസരിച്ച് അവർ സ്വർഗ്ഗത്തിൽ തീർച്ചയായും വരും. സമ്പത്ത് നഷ്ടമാകില്ല. അവിനാശിയായ ജ്ഞാനത്തിന്റെ വിനാശമുണ്ടാകില്ല. മുന്നോട്ട് പോകവേ തിരിച്ച് വരും, അല്ലാതെ എവിടെ പോകാൻ. ഒരേയൊരു കടയല്ലേയുള്ളൂ. വന്നുകൊണ്ടിരിക്കും. ശ്മശാനത്തിലേയ്ക്ക് മനുഷ്യർ പോകുമ്പോൾ വലിയ വൈരാഗ്യം ഉണ്ടാകുന്നു. ഇത്രയേയുള്ളൂ, ഈ ശരീരം ഇങ്ങനെ ഉപേക്ഷിക്കാനുള്ളതാണ്, പിന്നെ എന്തിനാണ് നമ്മൾ പാപം ചെയ്യുന്നത്. പാപം ചെയ്ത് ചെയ്ത് നമ്മൾ ഇങ്ങനെ മരിച്ചുപോകും! ഇങ്ങനെയുള്ള ചിന്തകൾ വരും. അതിനെയാണ് ശ്മശാന വൈരാഗ്യം എന്നു പറയുന്നത്. പോയി അടുത്ത ശരീരം എടുക്കും എന്നും മനസ്സിലാക്കുന്നുണ്ട്. പക്ഷേ ജ്ഞാനമില്ലല്ലോ. ഇവിടെയാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, ഈ സമയത്ത് നിങ്ങൾ പ്രധാനമായും മരിക്കുന്നതിനുള്ള തയ്യാറെടുപ്പുകളാണ് നടത്തുന്നത് കാരണം ഇവിടെ നിങ്ങൾ താല്ക്കാലികമാണ്, പഴയ ശരീരം ഉപേക്ഷിച്ച് വീണ്ടും പുതിയ ലോകത്തിലേയ്ക്ക് പോകും.

ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ എത്രത്തോളം എന്നെ ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. സഹജത്തിലും സഹജമാണ് എന്നാൽ പരിശ്രമമുള്ളതുമാണ്. കുട്ടികൾ പുരുഷാർത്ഥത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുമ്പോൾ മനസ്സിലാകും മായയുടെ വലിയ യുദ്ധം ബാബ പറയുന്നു സഹജമാണ് പക്ഷേ മായ ദീപത്തെത്തന്നെ കെടുത്തിക്കളയും. ഇതിനെക്കുറിച്ച് ഒരു കഥയും ഉണ്ടല്ലോ. മായയാകുന്ന പൂച്ച ദീപത്തെ അണയ്ക്കും. ഇവിടെ എല്ലാവരും മായയുടെ അടിമകളാണ് പിന്നീട് മായയെ നിങ്ങൾ അടിമയാക്കും. മുഴുവൻ പ്രകൃതിയും നിങ്ങളുടെ നിയന്ത്രണത്തിലായിരിക്കും. ഒരു കൊടുങ്കാറ്റുമില്ല, ഭൂകമ്പവുമുണ്ടാകില്ല. പ്രകൃതിയെ ദാസിയാക്കി മാറ്റണം. അവിടെ ഒരിയ്ക്കലും മായയുടെ യുദ്ധമുണ്ടാകില്ല.

ഇപ്പോഴാണെങ്കിൽ എത്ര ഉപദ്രവിക്കുന്നു. ഞാൻ നിന്റെ അടിമയാണ്.... എന്ന് പാട്ടുണ്ടല്ലോ പിന്നീട് മായ പറയും നീ എന്റെ അടിമയാണ്. ബാബ പറയുന്നു ഇപ്പോൾ ഞാൻ നിങ്ങളെ അടിമത്വത്തിൽ നിന്നും രക്ഷിക്കാൻ വന്നതാണ്. നിങ്ങൾ അധികാരിയായി മാറും, മായ അടിമയായി മാറും. അല്പം പോലും ബഹളങ്ങൾ ഉണ്ടാകില്ല. അതും ഡ്രാമയിൽ ഉള്ളതാണ്. നിങ്ങൾ പറയുന്നു- ബാബാ മായ വളരെ അധികം ബുദ്ധിമുട്ടിക്കുന്നു. എന്തുകൊണ്ട് ബുദ്ധിമുട്ടിക്കില്ല. ഇതിനെ യുദ്ധത്തിന്റെ മൈതാനം എന്നാണ് വിളിക്കുന്നത്. മായയെ അടിമയാക്കാൻ നിങ്ങൾ പരിശ്രമിക്കുന്നു അപ്പോൾ മായയും നിങ്ങളെ നിലം പരിശാക്കാൻ ശ്രമിക്കുന്നു. എത്ര ബുദ്ധിമുട്ടിക്കുന്നു. എത്ര പേരെ തോൽപ്പിക്കുന്നു. ചിലരെ പൂർണ്ണമായും ഭക്ഷിക്കും, ഒറ്റയടിക്ക് വിഴുങ്ങും. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നുണ്ട് പക്ഷേ മായ വിഴുങ്ങുന്നുമുണ്ട്. അവർ വയറ്റിൽ പെട്ടതുപോലെയാണ്. കേവലം വാലേ പുറത്ത് വന്നിട്ടുള്ളു ബാക്കിയെല്ലാം ഉള്ളിൽത്തന്നെയാണ്, ഇതിനെ ചെളിക്കുണ്ട് എന്നും പറയുന്നു. എത്ര കുട്ടികൾ ചെളിക്കുണ്ടിൽ പെട്ടിരിക്കുന്നു. അല്പം പോലും ഓർമ്മിക്കാൻ സാധിക്കില്ല! എങ്ങനെയാണോ ആമയുടേയും ഭ്രമരിയുടേയും ഉദാഹരണമുള്ളത് അതുപോലെ നിങ്ങളും കീടങ്ങളെ ഭൂം ഭൂം ചെയ്ത് എന്തിൽ നിന്നും എന്താക്കി മാറ്റുന്നു. സ്വർഗ്ഗത്തിലെ ദേവതയാക്കി മാറ്റുന്നു. സന്യാസി ഭ്രമരിയുടെ ഉദാഹരണമൊക്കെ നൽകാറുണ്ട് പക്ഷേ അവർ ഭൂം ഭൂം ചെയ്ത് ആരെയെങ്കിലും മാറ്റുന്നുണ്ടോ. സംഗമത്തിലാണ് പരിവർത്തനം ഉണ്ടാകുന്നത്. ഇപ്പോൾ ഇത് സംഗമയുഗമാണ്. നിങ്ങൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായി മാറി അതിനാൽ നിങ്ങൾ വികാരീ മനുഷ്യരെ കൂടെക്കൊണ്ടുവരുന്നു. കീടത്തിൽ ചിലത് ഭ്രമരിയായി മാറും ചിലത് കേടുവന്ന് പോകും, ചിലരാണെങ്കിൽ അപൂർണ്ണമായി മാറും. ബാബ ഇത് ഒരുപാട് കണ്ടിട്ടുണ്ട്. ഇവിടെയും ചിലർ വളരെ നന്നായി പഠിക്കുന്നു, ജ്ഞാനത്തിന്റെ ചിറക് മുളക്കുന്നു. ചിലരെ പകുതിയ്ക്ക് വെച്ച് മായ പിടികൂടുന്നു അതിനാൽ പാകമാകാതെതന്നെയിരിക്കുന്നു. അതിനാൽ ഈ ഉദാഹരണവും ഇപ്പോഴുള്ളതാണ്. അത്ഭുതമല്ലേ- ഭ്രമരി കീടത്തെ കൊണ്ടുവന്ന് തനിക്കുസമാനമാക്കി മാറ്റുന്നു. ഇത് ഒന്നുമാത്രമാണ് തനിക്കുസമാനമാക്കി മാറ്റുന്നത്. രണ്ടാമത് സർപ്പത്തിന്റെ ഉദാഹരണം പറയാറുണ്ട്. സത്യയുഗത്തിൽ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. ഇപ്പോൾ ശരീരം ഉപേക്ഷിക്കാൻ പോവുകയാണ് എന്നത് പെട്ടെന്ന് സാക്ഷാത്ക്കാരമുണ്ടാകും. ആത്മാവ് രണ്ടാമതൊരു ഗർഭക്കൊട്ടാരത്തിൽ ചെന്നിരിക്കും. ഇതും ഉദാഹരണം പറയുകയാണ് ഗർഭക്കൊട്ടാരത്തിൽ ഇരിക്കുകയായിരുന്നു, അത്മാവിന് പുറത്തുവരാൻ ആഗ്രഹമേ ഉണ്ടാകില്ല. എന്നാലും പുറത്തേയ്ക്ക് തീർച്ചയായും വരണം. ഇപ്പോൾ നിങ്ങൾ കുട്ടികൾ സംഗമത്തിലാണ്. ജ്ഞാനത്തിലൂടെ ഇങ്ങനെയുള്ള പുരുഷോത്തമരായി മാറുകയാണ്. ഭക്തി ജന്മജന്മാന്തരം ചെയ്തിരുന്നു. അതിനാൽ ആരാണോ വളരെ അധികം ഭക്തി ചെയ്തത് അവരാണ് നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് പദവി നേടുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ബാക്കി ശാസ്ത്രങ്ങളിലുള്ള ജ്ഞാനമൊന്നും യഥാർത്ഥ ജ്ഞാനമല്ല. അത് ഭക്തിയാണ്, അതിലൂടെ സദ്ഗതി ഉണ്ടാകില്ല. സദ്ഗതി അർത്ഥം തിരിച്ച് വീട്ടിൽ പോവുക. വീട്ടിലേയ്ക്ക് ആരും പോകുന്നില്ല. ബാബ സ്വയം പറയുന്നു ആരും എന്നെ കണ്ടുമുട്ടുന്നില്ല. പഠിപ്പിക്കാനും കൂടെക്കൊണ്ടുപോകാനും ഒരാൾ വേണമല്ലോ. ബാബയ്ക്ക് എത്ര ചിന്തയുണ്ട്. 5000 വർഷത്തിൽ ഒരു തവണ മാത്രമാണ് ബാബ വന്ന് പഠിപ്പിക്കുന്നത്. നമ്മൾ ആത്മാക്കളാണ് എന്ന കാര്യം നിങ്ങൾ മിനിറ്റിന് മിനിറ്റിന് മറന്നുപോകുന്നു. ഇത് തീർത്തും പക്കയാക്കു- നമ്മൾ ആത്മാക്കളെ ബാബ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. ഇതിനെയാണ് ആത്മീയ ജ്ഞാനം എന്നു പറയുന്നത്. പരമാത്മാവ് നമ്മൾ ആത്മാക്കൾക്ക് ജ്ഞാനം നൽകുകയാണ്. സംസ്ക്കാരവും ആത്മാവിലാണ് ഉണ്ടാകുന്നത്. ശരീരം അവസാനിക്കും. ആത്മാവ് അവിനാശിയാണ്.

അതിനാൽ ഈ ബ്രഹ്മാവിന്റെ ഭൃകുടി സദ്ഗുരുവിന്റെ സഭയാണ്. ഇത് ഈ ആത്മാവിന്റേയും സഭയാണ്. പിന്നീട് സദ്ഗുരുവും വന്ന് ഇവരിൽ പ്രവേശിക്കുന്നു, ഇവരെ രഥം എന്നും പറയുന്നുണ്ട്. സഭ എന്നും പറയുന്നുണ്ട്. നിങ്ങൾ കുട്ടികൾ ശ്രീമതം അനുസരിച്ച് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയാണ്. എത്ര നല്ലരീതിയിൽ പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി സത്യയുഗത്തിൽ പ്രാപ്തമാക്കും. അതിനാൽ പഠിക്കണം. ടീച്ചറുടെ കുട്ടികൾ വളരെ സമർത്ഥരായിരിക്കും. പക്ഷേ പറയാറില്ലേ വീട്ടിലെ ഗംഗയ്ക്ക് ബഹുമാനമില്ല എന്ന്. ബാബ കണ്ടിട്ടുണ്ട്- മുഴുവൻ നഗരത്തിലേയും ചവറുകൾ ഗംഗയിലാണ് പതിക്കുന്നത്, പിന്നീട് അതിനെ പതിതപാവനീ എന്ന് വിളിക്കുമോ? നോക്കൂ മനുഷ്യരുടെ ബുദ്ധി എങ്ങനെയായിരിക്കുന്നു. ദേവി മാരെ അലങ്കരിച്ച് പൂജ ചെയ്ത് പിന്നീട് അതിനെ മുക്കിക്കളയുന്നു. കൃഷ്ണനേയും മുക്കുന്നില്ലേ. അതും വളരെ ബഹുമാനമില്ലാതെയാണ് മുക്കിക്കളയുന്നത്. ബംഗാളിന്റെ ഭാഗത്തെല്ലാം കാലുകൊണ്ട് ചവിട്ടിത്താഴ്ത്തുന്നു. ബംഗാളിൽ മുമ്പ് ആചാരമുണ്ടായിരുന്നു ആരുടേയെങ്കിലും പ്രാണൻ പോകാൻ നേരമായാൽ ഉടനെ ഗംഗയിലേയ്ക്ക് കൊണ്ടുവരും. അവിടെ വെള്ളത്തിലിട്ട് ഹരി എന്നു പറയൂ ഹരി എന്നു പറയു എന്ന് പറഞ്ഞ് വായിൽ വെള്ളം ഒഴിക്കുമായിരുന്നു, ഇങ്ങനെ പ്രാണൻ പോകും, അത്ഭുതമല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ കയറ്റിറക്കത്തിന്റെ മുഴുവൻ ജ്ഞാനവുമുണ്ട്,

അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബ എന്താണോ കേൾപ്പിക്കുന്നത്, അത് കേൾക്കണം എന്നിട്ട് ശരി എന്താണ് എന്നത് നിർണ്ണയിക്കണം. ശരിയായത് എന്താണോ അതിനെ മാത്രം ഓർമ്മിക്കണം. ശരിയല്ലാത്ത കാര്യങ്ങൾ കേൾക്കരുത്, പറയരുത്, കാണരുത്.

2) പഠിപ്പ് വളരെ നല്ലരീതിയിൽ പഠിച്ച് സ്വയം രാജാക്കന്മാരുടേയും രാജാവായി മാറണം. ഈ പഴയ ശരീരത്തിലും പഴയ ലോകത്തിലും ഞാൻ താല്ക്കാലികമാണ് എന്ന് മനസ്സിലാക്കണം.

## വരദാനം - ഏകാഗ്രതയുടെ ശക്തിയിലൂടെ ആശ്രയ സ്ഥിതി പരിവർത്തനം ചെയ്യുന്ന അധികാരീ ആത്മാവായി ഭവിക്കൂ.

ബ്രാഹ്മണൻ അർത്ഥം അധികാരീ ആത്മാവ് ഒരിക്കലും ഒന്നിന്റേയും ആശ്രയത്തിലാകില്ല. തന്റെ ദുർബല സ്വഭാവ സംസ്ക്കാരത്തിനും വശപ്പെടില്ല കാരണം സ്വഭാവം എന്നാൽ സ്വയത്തേ പ്രതിയും സർവ്വരേ പ്രതിയും ആത്മീയ ഭാവം. അതിനാൽ ദുർബല സ്വഭാവ സംസ്ക്കാരങ്ങൾക്ക് വശപ്പെടില്ല. അനാദി ആദി സംസ്ക്കാരങ്ങളുടെ സ്മൃതിയിലൂടെ ദുർബല സംസ്ക്കാരങ്ങളും സഹജമായി പരിവർത്തനപ്പെടുന്നു. ഏകാഗ്രതയുടെ ശക്തി ആശ്രയ സ്ഥിതിയെ പരിവർത്തനപ്പെടുത്തി അധികാരീ സ്ഥിതിയുടെ സീറ്റിൽ സെറ്റാക്കുന്നു.

## സ്ലോഗൻ - ജ്ഞാനീ ആത്മാക്കളുടെ മഹാശത്രുവാണ് ക്രോധം.